എച്ച്. എസ്. എ. സോഷ്യൽ സയൻസ്

പി. ടി. ടീച്ചർ

എച്ച്. എസ്. എ. മലയാളം

എച്ച്. എസ്. എ. ഹിന്ദി

എച്ച്. എസ്. എ. സംസ്കൃതം (പാർട്ട് ടൈം)

ജൂനിയർ ഹിന്ദി (ഫുൾടൈം)

ജൂനിയർ ഹിന്ദി (പാർട്ട് ടൈം)

പി. ഇ. റ്റി.

ക്ലാർക്ക്

പ്യൂൺ

(സി) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നിയമനാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ 19-6-2003-ലെ ജി.ഒ.പി (നം. 166/പൊ.വി.) ഉത്തരവ് പ്രകാരം ദിവസകൂലി അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**റെഗുലർ സർവ്വീസിൽ ചേരും മുൻപ് ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കുന്നതിന് നൽകിയ നിവേദനം**

**57 (2912)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിലെ റിട്ടയേർഡ് ലക്ചറർ, ശ്രീ. എം. ജനാർദ്ദനൻ നായർ റഗുലർ സർവ്വീസിൽ ചേരും മുൻപ് ഡമോൺസ്ട്രേറ്ററായി ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻ മേലുള്ള (ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ 11538/ഡി2/2003/ഉ.വി.വ.) നടപടികളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത ലക്ചറർ ശ്രീ. എം. ജനാർദ്ദനൻ നായർ റഗുലർ സർവ്വീസിൽ ചേരും മുൻപ് പയ്യന്നൂർ കോളേജിൽ 15-7-1965 മുതൽ 9-9-1968 വരെ ഡമോൺസ്ട്രേറ്ററായി ജോലി നോക്കുകയും 9-9-1968-ൽ സ്വയം വിരമിക്കുകയും ചെയ്തു. പിന്നീട് ടിയാൻ റെഗുലർ സർവ്വീസിൽ ചേരുന്നത് 17-11-1971 മുതലാണ്. ആയതുകൊണ്ട് നിലവിലുള്ള നിയമമനുസരിച്ച് 15-7-1965 മുതൽ 9-9-1968 വരെയുള്ള കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly